(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ എസ് എ.കെ കെ ഡി/പി3/2128/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ മെയിൽ-ddlfakkd@gmail.com
ഫോൺ-0495 2371012

തീയതി: 3-12-2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പെരുമണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പെരുമണ്ണ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/പി3/2128/ 2016. തീയ്യതി 3-12-2016

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ
2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള
ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരംപുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.06.2016മുതൽ 4.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സതീഷ് കുമാർ | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5.11.2016 മുതൽ 17.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സബിത.എസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ധീരജ്,ജെ | അസി ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി നിമ്മി.സി | സീ.ഗ്രേ.ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അഹമ്മദ് കെ | 1.04.2015മുതൽ31.10.2015 വരെ |
| | ശ്രീമതി കെ അജിത | 12.11.2015മുതൽ31.03.2016 വരെ |
| സെക്രട്ടറി | .ശ്രീ.രാമചന്ദ്രൻ പി | 1.04.2015മുതൽ31.03.2016 വരെ |
| നിർവ്വഹണഉദ്യോസ്ഥർ : | | |
| ഉദ്യോഗപ്പേര് | പേര് | |
| സതീദേവി പി | അസിസ്റ്റന്റ് സെക്രട്ടറി | 1.04.2015മുതൽ10.08.2015 വരെ |
| രതീദേവി എം എം | അസിസ്റ്റന്റ് സെക്രട്ടറി | 11.08.2015മുതൽ31.03.2016 വരെ |
| ശബ്ന എം എസ് | കൃഷി ഓഫീസർ | 1.04.2015മുതൽ 31.03.2016 വരെ |
| അജയ് കുമാർ എൻ | ഹെഡ്മാസ്റ്റർ | 1.04.2015മുതൽ 31.03.2016 വരെ |
| ശ്രീജിത് പി | അസി.എഞ്ചിനീയർ | 1.04.2015മുതൽ31.03.2016 വരെ |
| തില എം | ഐ സി ഡിഎസ് സൂപ്പർവൈസർ | 1.04.2015മുതൽ09.08.2015 വരെ |
| റോമില എം | ഐ സി ഡിഎസ് സൂപ്പർവൈസർ | 10.08.2015മുതൽ 31.03.2016 വരെ |
| അഭിനേഷ് കുമാർ | വി ഇ ഒ | 1.04.2015മുതൽ17.09.2015 വരെ |
| പ്രശാന്ത് ആർ | വി ഇ ഒ | 1.04.2015മുതൽ18.08.2015 വരെ |
| ജ്യോതി പി | വി ഇ ഒ | 19.08.2015മുതൽ 31.03.2016 വരെ |
| ഡോ.മിഥുല റോയ് | വെറ്ററിനറി സർജൻ | 1.04.2015മുതൽ 31.03.2016 വരെ |
| ഡോ.ഷീബ കെ ജെ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 1.04.2015മുതൽ 31.03.2016 വരെ |
| ഡോ.മൃദുല ഗോപിനാഥ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 1.04.2015 മുതൽ 21.06.2015 വരെ |
| ഡോ.ഗ്രേസി പി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 22.06.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം

ഭാഗം 1

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |

ഭാഗം-II

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക കണക്കിലെ അപാകതകൾ | 2(1) |
| 2 | ഡിആൻറ് ഒ ലൈസൻസ് ഫീസ്- പൊതു അപാകതകൾ | 2(2) |
| 3 | ഒരേ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കി | 2(3) |
| 4 | ഡിആന്റ് ഒ ലൈസൻസ് ഫീസ്- പൊതു അപാകതകൾ | 2(4) |
| 5 | പഞ്ചായത്ത് പരസ്യ നികുതി ഈടാക്കുന്നില്ല | 2(5) |
| 6 | എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2(6) |
| 7 | പാർപ്പിടാവശ്യത്തിന് നിർമ്മിച്ച കെട്ടിടത്തിൽ കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി. | 2(7) |
| 8 | സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങൾ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവ രജിസ്റ്റർ ചെയ്യുന്നില്ല | 2(8) |

## ഭാഗം-III

### ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആയുർവേദ മരുന്നുകളുടെ സ്റ്റോക്കിൽ ക്രമക്കേടുകൾ | 3(1) |
| 2 | ആയുർവേദ മരുന്ന് വാങ്ങൾ പദ്ധതി- സ്റ്റോക്ക് രജിസ്റ്ററിലെ പോരായ്മകൾ സംബന്ധിച്ച് | 3(2) |
| 3 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി റിസർവ്വ് പൂൾ ടീച്ചർമാരെ നിയോഗിച്ച് വേതനം നൽകി. | 3(3) |
| 4 | അസി. എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ അപാകതകൾ | 3(4) |
| 5 | റോഡ് പ്രവൃത്തികൾക്ക് ബിറ്റുമിന് നൽകിയ നിരക്ക് മാർക്കറ്റ് നിരക്കിനേക്കാൾ അധികം | 3(5) |
| 6 | കമ്പ്യൂട്ടർ വാങ്ങൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3(6) |
| 7 | പി.ജി. വിദ്യാർത്ഥികൾക്ക് (എസ്.സി) ലാപ് ടോപ്പ് വാങ്ങി നൽകിയ പദ്ധതി- അപാകതകൾ | 3(7) |
| 8 | ആയുർവേദ ആശുപത്രിയ്ക്ക് വൈദ്യുതീകരണം, ഫർണിച്ചർ വാങ്ങൽ | 3(8) |
| 9 | പാലിയേറ്റീവ് പദ്ധതിയ്ക്കായി ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ | 3(9) |
| 10 | ഐ.സി.ഡി.എസ്- ഭക്ഷ്യ മിശ്രിതം- ലാബ് റിപ്പോർട്ട് അങ്കണവാടി സന്ദർശന റിപ്പോർട്ട് എന്നിവയില്ല | 3(10) |
| 11 | വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല | 3(11) |
| 12 | പകർച്ച വ്യാധി നിയന്ത്രണത്തിനായി വാഹനം വാടകയ്ക്ക് എടുത്തതിലെ അപാകതകൾ | 3(12) |
| 13 | തീർപ്പാക്കാനവശേഷിക്കുന്ന മുൻകൂറുകൾ | 3(13) |

ഭാഗം-IV

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത ഫണ്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 24.03.2015 തിയതിയിലെ 37/15 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 26.07.2016 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 10.11.2016 | അനുബന്ധം 1 കാണുക |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -22505806

വരവ് -35223000

ആകെ -57728806

ചെലവ് -54023627

നീക്കിയിരിപ്പ്-3705179

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാറ്റഗറി എ,കെ എൽ ജി എസ് ഡി പി,സി എഫ് സി | | | | | |
| വികസനഫണ്ട് പൊതുവിഭാഗം | 3060690 | 8593054 | 11653744 | 11653744 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1492983 | 2613989 | 4106972 | 2613989 | 0<br>(Rs.1492983 trasfer credited to normal share) |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5000 | 5000 | 5000 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2882001 | 1164796 | 4046797 | 2882001 | 0<br>Rs.1164796 transfer credited to normal share |
| 13-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1879623 | 5239481 | 7119104 | 4900996 | 0<br>Rs.2218108 transfer credited to normal share) |
| കാറ്റഗറി ബി ഫണ്ട് | 0 | 26320890 | 26320890 | 26320890 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ്(കാറ്റഗറി സി) | 1628074 | 1293648 | 2921722 | 2532426 | 0<br>Rs.389296 transfer credited to road) |
| സംരക്ഷണഗ്രാന്റ് റോഡ്(കാറ്റഗറി സി) | 509533 | 2979572 | 3489105 | 3878401 | 0 |

| | | | | | |
|---|---|---|---|---|---|
| കാറ്റഗറി ജി ഫണ്ട് | 0 | 0 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 121 | 3,00,81,370 | 103 | 2,19,12,263 | ഇല്ല | 18 | 85% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ഇല്ല.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 25ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.നികുതിയോതര വരവിൽ നിന്ന് മണൽ ഒഴിവായതാണ് പ്രധാന കാരണം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3471147 | 3357842 | (-)113305 | 3%(-) |
| നികുതിയേതര വരവുകൾ | 2307100 | 1026669 | (-)1280431 | 55%(-) |
| മറ്റുവരവുകൾ | 269199 | 81619 | (-) 187580 | 40%(-) |
| ആകെ | 6047446 | 4466130 | 1580316 | 25%(-) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,63,640 | 129 |
| കർഷകതൊഴിലാളി പെൻഷൻ | 36,69,420 | 448 |
| വിധവാപെൻഷൻ | 99,08,560 | 967 |
| വാർദ്ധക്യകാലപെൻഷൻ | 79,32,210 | 978 |
| വികലാംഗപെൻഷൻ | 29,93,900 | 275 |
| അവിവാഹിത പെൻഷൻ | 9,76,160 | 96 |
| വിവാഹ ധനസഹായം | 5,70,000 | 21 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.11.2016 ന് 2.30 pmന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,348/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.07.2016 | 06/2016 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.08.2010 -17.08.2010 | 05/2006-09/2010 | LBA(HQ)/V/BA/1662/ 10-20/9/2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ തരം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

2.സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3.അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികളുടെ VAT, IT, തൊഴിലാളി ക്ഷേമനിധി എന്നിവ അടച്ചത് ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

4. സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറുന്ന തീയ്യതി വരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2.2 ഡി ആന്റ് ഒ ലൈസൻസ് നിരസിച്ചത് -സംബന്ധിച്ച്

പഞ്ചായത്ത് ഭരണസമിതിയുടെ 1.03.2016 ലെ 35(6)/16 നമ്പർ തീരുമാനം പ്രകാരം ഹർഷാദ് വി പി ,വടക്കേ പറമ്പിൽ എന്നയാൾക്ക് വീട്ടിൽ വെച്ച് ഭക്ഷ്യ വസ്തുക്കളുണ്ടാക്കി വില്പന നടത്തുന്നതിന് സമർപ്പിച്ച ഡി ആന്റ് ഒ ലൈസൻസ് അപേക്ഷ നിരസിച്ചതായി കാണുന്നു. ഡി ആന്റ് ഒ ലൈസൻസ് ഇനത്തിൽ പഞ്ചായത്തിൽ അടച്ച 250/- രൂപ ഫീസും 600/- രൂപ തൊഴിൽ നികുതിയും തിരിച്ച നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്.ഇപ്രകാരം നിരസിക്കാനുണ്ടായ കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു.17.11.2016 ന് നല്കിയ മറുപടി പ്രകാരം വീട്ടിൽ വെച്ച് ഭക്ഷണ സാധനങ്ങൾ ഉണ്ടാക്കി വില്പന നടത്തുന്ന സംരംഭങ്ങൾക്ക് പഞ്ചായത്ത് അനുമതി നൽകാറില്ലെന്ന് അറിയിച്ചിട്ടുണ്ട്.ഇങ്ങനെ അനുമതി നിഷേധിക്കുന്നതിലൂടെ ഇത്തരം സംരംഭങ്ങൾ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നതിന് കാരണമായേക്കാവുന്നതാണ്.1996 ലെ കേരള പഞ്ചായത്ത് രാജ് (ആപല്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ,പട്ടിക 1(5)പ്രകാരം ആയതിന് ലൈസൻസ് എടുക്കേണ്ടതാണ്.ചട്ടത്തിൽ പ്രതിപാദിച്ച ഏതെങ്കിലും കാരണങ്ങൾ പ്രതികൂലമല്ലെങ്കിൽ ലൈസൻസ് നൽകേണ്ടതുമാണ്.

വീടുകളുമായി ബന്ധപ്പെട്ട് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സംരംഭങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കേണ്ടതോ ചട്ടപ്രകാരം അനുമതി നൽകാനാകാത്ത പക്ഷം അടച്ചുപൂട്ടേണ്ടതുമാണ്.

## 2.3 ഒരേ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കി

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 2 പ്രകാരം ദിവസേനയുള്ള വിറ്റുവരവിനെ അടിസ്ഥാനപ്പെടുത്തി(ഉദാ.10,000 മുതൽ 15,000 വരെ 300/-രൂപ) ലൈസൻസ് ഫീ ഇനത്തിൽ നിശ്ചയിക്കാവുന്നഉയർന്ന ഫീസ് നൽകിയിട്ടുണ്ട്.

എന്നാൽ 2015-16 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് പരിശോധിച്ചതിൽ നിന്നും ഒരേ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായി ഫീസ് ഈടാക്കിയതായി കാണുന്നു.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നമ്പർ | പേര് | സംരംഭം | വിറ്റു വരവ് | ഈടാക്കിയ ഫീ | രശീതി |
|---|---|---|---|---|---|
| 1 | ലൈലാബി,ക്രിസ്റ്റൽ പോളി പാക്ക് | പ്ലാസ്റ്റിക് മാനഫാക്ചറിംഗ് | 10,000/- | 1000/- | 11401112145/ 27.02.2015 |
| 2 | എം റിയാസ്,മൂച്ചിക്കൽ | ചെരുപ്പ് നിർമ്മാണം | 10,000/- | 2000/- | 1988 24.02.2015 |
| 3 | ശശിധരൻ,രജതം,കൊളത്തറ | ഫുട്ട് വെയർ അപ്പർ & ബാഗ് | 12,000/- | 500/- | 11401112014/ 23.02.2015 |
| 4 | ബിജി എം,മാളിയേക്കൽ | ടൈൽസ്,സാനിട്ടറി,സംഭരിച്ച് വില്പന | 15,000/ | 500/- | 11501100788/ 13.05.2015 |

ഇപ്രകാരം ഫീസ് ഈടാക്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കാൻ ആവശ്യപ്പെട്ടിരുന്നു. 17.11.2016 ന് നൽകിയ മറുപടി പ്രകാരം കഴിഞ്ഞവർഷം വാങ്ങിയ ലൈസൻസ് ഫീസ് തന്നെയോ അല്ലെങ്കിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ഉദ്ദ്യേശത്തോടെ കഴിഞ്ഞ വർഷത്തെക്കാളും കൂട്ടി വാങ്ങുകയോ ആണ് ചെയ്യാറ് എന്ന് അറിയിച്ചിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ല. ചട്ട പ്രകാരം മാത്രം ഫീസ് ഈടാക്കേണ്ടതാണ്.

## 2.5 പഞ്ചായത്ത് പരസ്യനികുതി ഈടാക്കുന്നില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും,വകുപ്പ് 209 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ,കെട്ടിടത്തിലോ,ചുവരിലോ,പരസ്യപലകയിലോ ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയാണെങ്കിൽ, പരസ്യം പ്രദർശിപ്പിക്കുന്ന ഏതൊരാളും സർക്കാരിന്റെ അംഗീകാരത്തോടു കൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി കൊടുക്കേണ്ടതാണ്.എന്നാൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല.കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടത് പ്രകാരം നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി പരസ്യനികുതി ബൈലോക്ക് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭിക്കുന്ന മുറക്ക് പരസ്യനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2.6 എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ കെട്ടിട നികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 15 കെട്ടിടങ്ങൾ ഉണ്ട്. എന്നാൽ 8 വിദ്യാലയങ്ങളിൽ നിന്നു മാത്രമെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. (ഒരേ വിദ്യാഭ്യാസ സ്ഥാപനത്തിന് ഒന്നിലേറെ കെട്ടിടങ്ങൾ ഉള്ളവയാണെങ്കിൽ ഏതൊക്കെ സ്ഥാപനത്തിന് ഏതൊക്കെ കെട്ടിടങ്ങൾ എന്നും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നികുതി ഈടാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ്. വ്യവസായ ആവശ്യങ്ങൾക്കായി 70 കെട്ടിടങ്ങൾ ഉണ്ട്. എന്നാൽ ഇരുപതോളം സ്ഥാപനങ്ങളിൽ നിന്നാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ഏതെങ്കിലും സ്ഥാപനങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽ സ്ഥാപന റജിസ്റ്റർ കാലികമാക്കി എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം പരിശോധിച്ച് വ്യക്തമാക്കേണ്ടതാണ്.

## 2.7 പാർപ്പിടാവശ്യത്തിന് നിർമ്മിച്ച കെട്ടിടത്തിൽ കച്ചവട സ്ഥാപനങ്ങൾക്ക്

ലൈസൻസ് നൽകി.

പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച് കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളും പാർപ്പിടാവശ്യങ്ങൾക്കായി നിർമ്മിച്ചതാണ്.ഏതാനും കെട്ടിടങ്ങൾ എടുത്ത് നടത്തിയ പരിശോധനയിൽ ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച കെട്ടിടങ്ങൾക്ക് പഞ്ചായത്ത് പാർപ്പിടാവശ്യത്തിനായി പെർമിറ്റ് നൽകിയിട്ടുള്ളവയാണെന്ന് കണ്ടു.(ഇവ വീടിനോടനുബന്ധിച്ച് വീട്ടുടമ നടത്തുന്ന സംരംഭമല്ല)

| നം | കെട്ടിട നം | ഉടമ | കച്ചവടം | കച്ചവടം നടത്തുന്നത് | ഡി ആന്റ് ഒ രശീതി |
|---|---|---|---|---|---|
| 1 | 1/443 | ചിരുതക്കുട്ടി | ഹാർഡ് വെയർ | രമ,നമ്പിടി പറമ്പത്ത് | 12192/ 28.02.2015 |
| 2 | 11/494 | മുഹമ്മദ് കോയ | പച്ചക്കറി വില്പന | അബൂബക്കർ,ഉള്ളാട്ട് | 11401112505 28.02.2015 |
| 3 | 6/502 | കൃഷ്ണൻ | പലചരക്ക് കച്ചവടം | മൊയ്തീൻ,പുളിക്കൽ | 12207 25.02.2015 |
| 4 | 11/329 | സക്കറസ് | പ്ലാൻ,എസ്റ്റിമേറ്റ്... | അമൃത,കിഴക്കും പാടത്ത് | 12209 25.02.2015 |

ഇപ്രകാരം കൊമേഴ്സ്യൽ ആവശ്യങ്ങൾക്കുപയോഗിക്കുന്ന കെട്ടിടം പാർപ്പിടാവശ്യത്തിനുള്ള രീതിയിൽ ടാക്സ് നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് നികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്.ഇക്കാര്യത്തിൽ പഞ്ചായത്ത് പരിശോധന നടത്തി നടപടി സ്വീകരിക്കേണ്ടതാണ്.

## 2.8 സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങൾ,ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവ റജിസ്റ്റർ ചെയ്യുന്നില്ല.

കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും, സ്വകാര്യ പാര മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ 1997,ചട്ടം(3)പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഈ ചട്ടപ്രകാരം മുൻകൂട്ടി റജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയും ,പാരമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല.3(6)പ്രകാരം റജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക റജിസ്റ്ററിൽ ചേർക്കേണ്ടതും അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ റജിസ്റ്റർ ചെയ്തതായി കണക്കാക്കേണ്ടതുമാണ്.(സെക്രട്ടറി സർട്ടിഫിക്കറ്റ് നൽകണം),5(1)പ്രകാരം ആയത് അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്.എന്നാൽ പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ അപ്രകാരം റജിസ്ട്രേഷൻ നടന്നതായി കാണുന്നില്ല.കൂടാതെ

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ റജിസ്ട്രേഷൻ)ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി റജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പഞ്ചായത്തിൽ പ്രവർത്തിക്കാൻ പാടില്ല.പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതും റജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 ഡി ആന്റ് ഒ ലൈസൻസ് ഫീസ് -പൊതു അപാകതകൾ

പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് വർഷത്തിലെ ഡി ആന്റ് ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ പല അപേക്ഷകളും കൃത്യമായി പരിശോധിക്കപ്പെടാത്തതായി കാണുന്നു.

വിറ്റുവരവിനെ അടിസ്ഥാനപ്പെടുത്തി തിട്ടപ്പെടുത്തേണ്ട ലൈസൻസ് ഫീ പുതുക്കുന്നതിനുള്ള അപേക്ഷയിൽ പലപ്പോഴും വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല.അന്വേഷണ റിപ്പോർട്ട് ഇല്ലാത്തവയും,സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തവയും ഇതിൽ ഉണ്ട് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

വാർഷിക വിറ്റുവരവ് രേഖപ്പെടുത്താത്തവ

| നം | ഉടമസ്ഥന്റെ പേര് | കച്ചവടം |
|---|---|---|
| 1 | രവീന്ദ്രൻ,എക്കെത്തിൽ,തേവുകണ്ടി | ഫ്ലോർ മിൽ |
| 2 | മുജീബ് റഹ്മാൻ,അറാഫത്ത്,കൊയ്യേരിത്താഴം | സ്റ്റീൽ,സിമെന്റ്,സ്റ്റോക്ക്-വില്പന |
| 3 | ബബീഷ്,കൊട്ടാരം വീട്,വെള്ളന്നൂർ | ബ്രഡ്,ബൺ ...വില്പന |
| 4 | ഗോകുൽ ദാസ്,എടക്കണ്ടിയിൽ,പന്തിരാങ്കാവ് | പലചരക്ക് കച്ചവടം |
| 5 | ഗോപാലകൃഷ്ണൻ,കോട്ടായി വീട് | ഹോം അപ്ലയൻസസ് |

അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ഇല്ലാത്തവ

| നം | ഉടമസ്ഥന്റെ പേര് | കച്ചവടം |
|---|---|---|
| 1 | എം വി ബിജു,പാറക്കുളം,പാറച്ചോട്,പന്തിരാങ്കാവ് | പാക്കിംഗ് |
| 2 | അപ്പുക്കുട്ടൻ,കൊന്നക്കോട്ട്,പന്തിരാങ്കാവ് | ഹോട്ടൽ |
| 3 | ലൈലാബി,ക്രിസ്റ്റൽ പോളിപാക്ക് | പ്ലാസ്റ്റിക് മാനുഫാക്ചറിംഗ് |
| 4 | ബഷീർ,ഗ്രാന്റ് പോളിപെറ്റ് | പ്ലാസ്റ്റിക് മാനുഫാക്ചറിംഗ് |
| 5 | രാമകൃഷ്ണൻ,കൃഷ്ണനിവാസ്,പുത്തൂർ മഠം | സ്റ്റേഷണറി കട |

സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തവ

| നം | ഉടമസ്ഥന്റെ പേര് | കച്ചവടം |
|---|---|---|
| 1 | കുഞ്ഞോയി,വാളക്കട,പന്തിരാങ്കാവ് | പലചരക്ക് കച്ചവടം |
| 2 | പുഷ്പാകരൻ,കുരുടിയിൽ വീട് | ഫർണിച്ചർ |
| 3 | പി.ഷാജി,കൊളാച്ചത്തലത്ത് | പലചരക്ക് കച്ചവടം |
| 4 | മോഹനൻ എം,പുതുവന,പന്തിരാങ്കാവ് | ഓയിൽ മിൽ |
| 5 | മുരളിധരൻ,മേലെ തേവർ കണ്ടി, | വർക്ക് ഷോപ്പ് |

അതായത് ഡി ആന്റ് ഒ ലൈസൻസ് പുതുക്കുന്നതിന് /എടുക്കുന്നതിനുള്ള അപേക്ഷകളിൽ കൃത്യമായ നടപടിക്രമങ്ങൾ എടുക്കുന്നില്ല എന്നു കാണുന്നു.

കൂടാതെ

1.പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല.

2.പഞ്ചായത്തിൽ വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണം 1771 ആണ്.എന്നാൽ 2015- 16 വർഷത്തിൽ 449 എണ്ണം മാത്രമാണ് ഡി ആന്റ് ഒ ലൈസൻസ് പുതുക്കിയിട്ടുള്ളത്.

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി വരികയാണെന്നും എല്ലാ കച്ചവട സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആയുർവേദ മരുന്നുകളുടെ സ്റ്റോക്കിൽ ക്രമക്കേടുകൾ

പ്രൊജക്ട് നം-6/2016

പദ്ധതി പേര് - NRHM ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹോമിയോ മെഡിക്കൽ ഓഫീസർ,പെരുമണ്ണ

അടങ്കൽ തുക .3,00,000/- (സംരക്ഷണ ഗ്രാന്റ റോഡിതരം)

ചെലവ് തുക – 3,00,000/- (ബിൽ.നം - 2/15-16, 13.10.2015)

സ്റ്റോക്ക് രജിസ്റ്റർ അപാകത

ഓഡിറ്റ് വർഷത്തിൽ എൻ.ആർ.എച്ച്.എം. ആയുർവേദ ഡോക്ടറുടെ ഇൻഡെന്റ് പ്രകാരം ആയുർവേദ ഡിസ്‌പെൻസറിക്ക് വേണ്ടി 3ലക്ഷം രൂപയുടെ മരുന്നുകൾ പദ്ധതി രൂപീകരിച്ച് ഔഷധിയിൽ നിന്നും വാങ്ങിയിരുന്നു. 15.10.2015ന്, 891716നം ഡി.ഡി മുഖാന്തരം തുക ഔഷധിക്ക് (പരിയാരം കണ്ണൂർ) നൽകിയിരുന്നു. ഔഷധിയിൽ നിന്നും ലഭ്യമായ മരുന്നുകളുടെ സ്റ്റോക്ക് ഓഡിറ്റ് ടീം നേരിട്ട് ആശുപത്രി സ്റ്റോറിൽ നടത്തിയ പരിശോധനയിൽ (08.11.2016) താഴെ പറയുന്ന മരുന്നുകൾ ഡിസ്‌പെൻസറി സ്റ്റോറിൽ സൂക്ഷിച്ചിട്ടില്ല എന്ന് വ്യക്തമായി.

ഔഷധിയിൽ നിന്നും ലഭ്യമായ മരുന്നുകളുടെ ഇൻവോയ്സ്.

| ഇൻവോയ്സ് നം, തീയ്യതി | തുക |
|---|---|
| 2022/N/15-16, 31.10.2015 | 155122 |
| 2519/N/15-16, 3010.2015 | 59325 |
| 2620/N/15-16, 30.11.2015 | 48848 |
| 2054/N/15-16, 31.10.2015 | 25169 |
| 3605/N/15-16, 29.02.2016 | 3989 |
| 3861/N/15-16, 31.03.2016 | 2654 |
| 731/N/16-17, 28.06.2016 | 2576 |
| 992/N/16-17, 13.07.2016 | 2319 |

ആശുപത്രി സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള മരുന്നുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മരുന്നിന്റെ പേര് | സ്റ്റോക്കിൽ ബാക്കിയുള്ളത് | സ്റ്റോറിൽ അവശേഷിക്കുന്ന മരുന്നിന്റെ വിവരം | യൂണിറ്റ് വില | ആകെ |
|---|---|---|---|---|
| സപ്തസാരം കഷായ ചൂർണ്ണം | 500gX111 | ഇല്ല | 67 | 7437 |
| പ്രസാരണ്യാദികഷായ ചൂർണ്ണം | 500X26 | ഇല്ല | 88 | 2288 |
| ദശമൂലകടുത്രയ കഷായ ചൂർണ്ണം | 40 | ഇല്ല | 160 | 6400 |
| പുനർനവാദികഷായ ചൂർണ്ണം | 2.5X10=25 | ഇല്ല | 151 | 3775 |
| മഞ്ചിഷ്ഠാതി കഷായം | 2.5X28=70kg | ഇല്ല | 162 | 11340 |

| | | | | |
|---|---|---|---|---|
| ഗുളൂച്യാദികഷായ ചൂർണ്ണം | 2.5X21pkt=52.5kg | ഇല്ല | 129 | 6772 |
| നിശാകതകാദികഷായ ചൂർണ്ണം | 40kg | ഇല്ല | 143 | 5720 |
| രാസ്നാഏർണ്ഡാദികഷായ ചൂർണ്ണം | 35kg | ഇല്ല | 190 | 6650 |
| രാസ്നാസപ്തകം കഷായ ചൂർണ്ണം | 500X35 | ഇല്ല | 70 | 2450 |
| മുറിവെണ്ണ | 450mlX30 | ഇല്ല | 159 | 4770 |
| ശതാവരിഗുളം | 500X15pkt | ഇല്ല | 126 | 1890 |
| താലിസ പത്രാദി ചൂർണ്ണം | 500X30 | ഇല്ല | 217 | 6510 |
| കച്ചൂരാദി ചൂർണ്ണം | 50gX40 | ഇല്ല | 28 | 1120 |
| ഗോപിചന്ദനാദി ഗുളിക | 100X4 | ഇല്ല | 105 | 420 |
| ദൃഷിവിഷാരിഗുളിക | 100X4 | ഇല്ല | 118 | 472 |
| മാനസമിത്രവടകം | 100X1 | ഇല്ല | 525 | 525 |
| ശ്വാസാനന്ദ ഗുളിക | 100X1 | ഇല്ല | 89 | 89 |
| പിണ്ഡതൈലം | 450mlX60 | ഇല്ല | 37 | 8220 |
| ശുദ്ധബലാതൈലം | 450mlX24 | 24-13=11 | 141 | 1551 |
| ശുദ്ധബലാതൈലം | 200mlX15 | 15-1=14 | 64 | 896 |
| ഗുഗ്ഗുലുമരിച്ചാദി തൈലം | 500X8 | ഇല്ല | 147 | 1176 |
| അമൃതാരിഷ്ടം | 450X20 | ഇല്ല | 41 | 820 |
| അശോകാരിഷ്ടം | 450X30 | ഇല്ല | 39 | 1170 |
| അരവിന്ദാസവം | 450X60 | 60-36=24 | 41 | 984 |

| | | | | |
|---|---|---|---|---|
| ആരഗ്വധാരിശ്ടം | 450X16 | ഇല്ല | 44 | 704 |
| അവിപത്തിചൂർണ്ണം | 500X25 | ഇല്ല | 217 | 5425 |
| അഷ്ഠചൂർണ്ണം | 500X38 | ഇല്ല | 259 | 9842 |
| പുഷ്യനഗംചൂർണ്ണം | 500X9pkt | ഇല്ല | 273 | 2457 |
| ത്രിഫലചൂർണ്ണം | 500X10pkt | ഇല്ല | 203 | 2030 |
| കാരപ്പാസ്യാസ്ഥാദിതൈലം | 200mlX36 | ഇല്ല | 67 | 2412 |
| കൊട്ടംചുക്കാദിതൈലം | 200mlX46 | ഇല്ല | 62 | 2852 |
| ശ്വേതശംഖുപുഷ്പ ചൂർണ്ണം | 500X20pkt | ഇല്ല | 139 | 4448 |
| സൂര്യപ്രഭഗുളിക | 100X5p | ഇല്ല | 139 | 695 |
| വെട്ടുമാറൻ ഗുളിക | 100X2p | ഇല്ല | 86 | 172 |
| ധാന്വന്തരം ഗുളിക | 100X5p | ഇല്ല | 83 | 415 |
| യോഗരാജഗുഗ്ഗുലു ഗുളിക | 100X5 p | ഇല്ല | 131 | 655 |
| കൈശ്ശോരഗുഗ്ഗുലു ഗുളിക | 100X6p | ഇല്ല | 161 | 966 |
| ഇളനീർ കുഴമ്പ് | 13 | ഇല്ല | 24 | 312 |
| ആകെ | | | | 1,16,830 |

1. സബ്സ്റ്റോക്ക് ഇൻഡെന്റിൽ OPR No കോളത്തിൽ ഇൻഡെന്റ് 15 മുതൽ രേഖപ്പെടുത്തലുകൾ ഇല്ല.
2. ഒ.പി. ടിക്കറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭിച്ചിട്ടില്ല.

സബ്സ്റ്റോക്കിലേക്ക് ഇഷ്യൂ ചെയ്യതിന്റെ ആധികാരികതയും ഉറപ്പുവരുത്താനായിട്ടില്ല.

ഉദാഹരണം താഴെ ചേർക്കുന്നു

1. ശതാഹ്വാദി കുഴമ്പ്,കർപ്പൂരാദി തൈലം എന്നിവ മെയിൻ സ്റ്റോക്കിൽ ബാലൻസ് ഇല്ല.എന്നാൽ ഡിസ്പെൻസറി സ്റ്റോറിൽ യഥാക്രമം 24, 22എണ്ണം അവശേഷിക്കുന്നുണ്ട്.
2. മുറിവെണ്ണ സ്റ്റോക്ക് രജിസ്റ്ററിൽ 30 എണ്ണവും സ്റ്റോറിൽ 20 എണ്ണവുമാണ് ഉള്ളത്. ഉരമരുന്ന് സ്റ്റോക്ക് രജിസ്റ്ററിൽ ബാക്കിയില്ല. എന്നാൽ സ്റ്റോർ പരിശോധനയിൽ മുന്നൂറെണ്ണം അവശേഷിക്കുന്നുണ്ട്.
3. ശുദ്ധതൈലം സ്റ്റോക്കിൽ 450mlX24+200mlX43 എന്നാൽ സ്റ്റോറിൽ 450X13, 200mlX1 മാത്രമേ ഉള്ളൂ.
4. അരവിന്ദാസ്രവം സ്റ്റോക്ക് രജിസ്റ്ററിൽ 60എണ്ണവും എന്നാൽ സ്ഥലപരിശോധനയിൽ 36എണ്ണമാണ് കണ്ടത്.
5. അരശ്യധാരിഷ്ടം സ്റ്റോക്കിൽ 16എണ്ണം സ്റ്റോക്കിൽ ഇല്ല.

മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധന നടത്തിയതിൽവന്ന അപാകതകൾ സംബന്ധിച്ച് 4/15-16 8.11.16 പ്രകാരമുള്ള ഓഡിറ്റ് എൻക്വയറി നൽകുകയും ആയതിന് മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തു മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുന്നതിൽ വന്ന പിഴവെന്നാണ് ഡോക്ടർ അറിയിച്ചത്.

സ്റ്റോക്ക് രജിസ്റ്ററിലെ പൊരുത്തക്കേടുകളെ തുടർന്ന് ഓഡിറ്റ് ഓഫീസറുടെ നേതൃത്വത്തിൽ ഉള്ള ടീം 09.11.2016ന് നടത്തിയ പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്ററിലുള്ള മരുന്നുകളിൽ ഭൂരിഭാഗവും ഹാജരാക്കാനായിരുന്നില്ല.

മെയിൻ സ്റ്റോക്കിൽ നിന്ന് സബ് സ്റ്റോക്കുകളിലേക്ക് ഇൻഡെന്റ് വഴി ഇഷ്യൂ ചെയ്ത മരുന്നുകളിലും പൊരുത്തക്കേടുകൾ കാണുന്നു. ശതാഹ്വാദി കുഴമ്പ്,കർപ്പൂരാദി തൈലം എന്നിവ യഥാക്രമം 24, 22 കുപ്പികൾ രോഗികൾക്ക് വിതരണം ചെയ്തതായി സ്റ്റോക്കിലും, ഇഷ്യൂ രജിസ്റ്ററിലും രേഖപ്പെടുത്തുകയും ഇവ ആശുപത്രി സ്റ്റോറിൽ നേരിൽ കാണുകയും ചെയ്തത് സ്റ്റോക്ക് ഇഷ്യൂ ചെയ്തതിലെ ഗുരുതരമായ ക്രമക്കേടുകളാണ് സൂചിപ്പിക്കുന്നത്. മേൽ പറഞ്ഞതിൽ നിന്ന് സ്റ്റോക്കിലും സ്റ്റോറിലും ഇഷ്യൂവിലും ക്രമക്കേടുകൾ ഉള്ളതായി വ്യക്തമാകുന്നു.

ഇതു സംബന്ധിച്ച് 16-11-2016-ന് നടത്തിയ എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയും 1-12-2016-ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ സാക്ഷ്യ പത്രത്തിലും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം എല്ലാ മരുന്നുകളും 26-11-2016-ന് നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. സ്ഥലപരിമിതിയും മരുന്നുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ കഴിയും വിധം സൂക്ഷിക്കാനുള്ള സ്ഥലപരിമിതിയും കാരണമാണ് ഇത്തരം അപാകത വന്നതെന്നും പരാമർശിക്കുന്നു. സ്റ്റോക്ക് സൂക്ഷിക്കുന്നതിലെ കാര്യക്ഷമതയും കൃത്യതയും നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്നതിനും കുറ്റമറ്റ രീതിയിൽ സ്റ്റോക്ക് പരിപാലിക്കുന്നതിനും ആവശ്യമായ വകുപ്പുതല നടപടികൾക്ക് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. ഒപ്പം ടി വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മേൽ പരാമർശിച്ച 116830/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-2** ആയുർവേദ മരുന്ന് വാങ്ങൽ പദ്ധതി-സ്റ്റോക്ക് റജിസ്റ്ററിലെ പോരായ്മകൾ സംബന്ധിച്ച്

പദ്ധതി നം-6/16

നിർവ്വഹണം - ഹോമിയോ മെഡിക്കൽ ഓഫീസർ, പെരുമണ്ണ

ബിൽ നം - 2/15-16, 15/10/15

ചെലവ് - 3ലക്ഷം

ഹോമിയോ ഡോക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ടിൽ മരുന്ന് വാങ്ങി നൽകിയ എൻ.ആർ.എച്ച്.എം ആയുർവേദ ഡോക്ടറുടെ ആശുപത്രിയിലെ സ്റ്റോക്കിൽ കണ്ട പൊരുത്തക്കേടുകൾ, അപാകതകൾ എന്നിവ താഴെ പറയുന്നു.

1. ഇൻവോയ്സ് നം-2519/30.11.2015 പ്രകാരം 19.12.2015ന് ലഭിച്ച മഞ്ചിഷ്ഠാതി കഷായം 90Kg (1kg*90) ആണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 3*36 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യാസം വന്നത് വ്യക്തമല്ല.
2. പേജ് 228-ൽ ശ്വാസാനന്ദം ഗുളിക500 എണ്ണം ലഭിച്ചു. ഇൻവോയിസ് നം (2022/15.12.12)തെറ്റായി 400എണ്ണമാണ് രേഖപ്പെടുത്തിയത്.
3. കഷായം സ്റ്റോക്ക് രജിസ്റ്റർ പേജ് 27 correction white marker പേന ഉപയോഗിച്ച് രേഖപ്പെടുത്തി വിവരങ്ങൾ മയച്ചതായി കാണുന്നു.സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് കറക്ഷൻ മഷി ഉപയോഗിച്ച് മയ്ച്ചത് അനുവദിനീയമല്ല.
4. സ്റ്റോക്ക് രജിസ്റ്റർ പേജ് 230-ൽ 450mi*50കുപ്പി ശുദ്ധബലാതൈലം (ഇൻവോയ്സ് നമ്പർ - 2022/15-16, 15.16.2015) പ്രകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ ഇൻഡെൻറ് നം-20/15-16 തിയ്യതി 14.06.2014 പ്രകാരം 10കുപ്പി ഇഷ്യൂ ചെയ്തു കാണുന്നു. സ്റ്റോക്കിൽ വരുന്നതിനു മുമ്പ് എപ്രകാരമാണ് വിതരണം നടത്തിയത് എന്ന് വ്യക്തമല്ല. കൂടാതെ 200mlന്റെ 43കുപ്പികളും സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. ആയത് ബാക്കി സ്റ്റോക്ക് രേഖപ്പെടുത്തുന്ന മരുന്ന് കോളത്തിൽ 450ml കുപ്പികൾക്കൊപ്പം ചേർത്തിട്ടില്ല.

5. സ്റ്റോക്ക് രജിസ്റ്റർ പേജ് 238-ൽ അരശ്യധാരിഷ്ടം ഇൻവോയ്സ് 2022/15/12/15പ്രകാരം 450ml ൻറ 48 കുപ്പികളാണ് ചേർക്കേണ്ടത്.എന്നാൽ 44കുപ്പികൾ മാത്രമേ സ്റ്റോക്കിൽ വരവ് വച്ചിട്ടുള്ളൂ. (അപ്രകാരം ബാലൻസ് 14എണ്ണം 13/9/16 ന് അവശേഷിക്കുന്നുണ്ട്)4 കുപ്പി മരുന്നിന്റെ വില 44/- രൂപ നിരക്കിൽ 176/-രൂപ കുറവ് വന്നിട്ടുണ്ട്.
6. സ്റ്റോക്ക് രജിസ്റ്റർ പേജ് 214 ൽ മുറിവെണ്ണ(ഇൻവോയ്സ് 2022/15/12/15) പ്രകാരം 450ml*96എണ്ണം ലഭിച്ചിരുന്നു.ആയത് സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.പിന്നീട് ഇൻഡൻറ് പ്രകാരം 18/1/16 മുതൽ 13/9/16വരെ 66 ബോട്ടിലുകൾ ഇഷ്യൂ ചെയ്തു.ശേഷം സ്റ്റോക്കിൽ ബാക്കിയായി 30എണ്ണം ആണ് വേണ്ടത്.എന്നാൽ 50 എണ്ണമായി സ്റ്റോക്കിൽ വർദ്ധിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല.

മേൽപറഞ്ഞ വിവരങ്ങൾ പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിക്കേണ്ടതാണ്.

## 3-3 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി റിസർവ് പൂൾ ടീച്ചർമാരെ നിയോഗിച്ച് വേതനം നൽകി

പ്രോജക്ട് നം - 19/16

വകയിരുത്തിയ തുക – 40,000/- (തനത് ഫണ്ട്)

ചെലവ് തുക – 27,300

പഞ്ചായത്തിലെ സ്ഥിരം അദ്ധ്യാപകരുടെ സേവനം ലഭ്യമല്ലാത്ത അവസരത്തിൽ സ്കൂളുകളിൽ താൽകാലിക അദ്ധ്യാപകരെ പഞ്ചായത്ത് തലത്തിൽ നിയമിച്ച് പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്. ഇതിനായി പഞ്ചായത്ത് തലത്തിൽ തന്നെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്ത അദ്ധ്യാപകരെ 300/- രൂപ നിരക്കിൽ ദിവസ വേതാനടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. പഞ്ചായത്തിന് കൈമാറികിട്ടിയ വിദ്യാലയങ്ങളിലെ സ്ഥിരം അദ്ധ്യാപകർ അവധിയെടുക്കുന്ന ദിവസങ്ങളിൽ റിസർവ് അദ്ധ്യാപകരെ നിയോഗിച്ച് പ്രസ്തുത ദിവസങ്ങളിലെ പാഠഭാഗങ്ങൾ തീർക്കും. മേൽ പദ്ധതി നടപ്പിലാക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തി, ഉയർന്ന വിജയ ശതമാനവും ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു. 7/2015 മുതൽ 3/16വരെ വിവിധ ദിവസങ്ങളിൽ സ്ഥിര അദ്ധ്യാപകർ ഇല്ലാത്ത ദിവസങ്ങളിൽ ക്ലാസ് എടുത്ത വകയിലാണ് വേതനം നൽകിയിട്ടുള്ളത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്. 166(1) പ്രകാരം സർക്കാർ പ്രീ-പ്രൈമറി, പ്രൈമറി സ്കൂളുകളുടെ നടത്തിപ്പാണ് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദനീയമായ ചുമതല. 18.01.1996ലെ (എം.എസ്)14/96 /പൊ.വി. നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അഡ്മിഷൻ, പഠന വിഷയങ്ങൾ, സിലബസ്, പാഠപുസ്തകങ്ങൾ, പരീക്ഷ നടത്തിപ്പ്, ഗ്രേഡിംഗ് തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽപെടുന്നില്ല. ഇത്തരം കാര്യങ്ങൾ നിലവിലും സർക്കാരിന്റെ ചുമതലയിലാണ്. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾക്കും, സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് മേൽ പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത്.

1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങളിലെ ചട്ടം.3 (8) പ്രകാരം പഞ്ചായത്തിന് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മൂലമോ, അവധിമൂലമോ, മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിന് സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജീവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ

(ബി) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ

സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ

പഞ്ചായത്തിന് മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ സർക്കാർ അനുവദിച്ച തസ്തികകൾ, പ്രത്യേക ഉത്തരവുകൾ മുഖാന്തിരമുള്ള നിയമനങ്ങൾ എന്നിവ കൂടാതെയും പഞ്ചായത്ത് ഭരണസമിതി സ്വയം തീരുമാനമെടുത്ത് നിയമനങ്ങൾ നടത്തി.

16.11.2013ലെ(എം.എസ്)362/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ)തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങളും പാലിച്ചില്ല. പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, പഠന നിലവാരം ഉയർത്തുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങളിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ. പ്രോജക്ടുകളിൽ ഉൾപ്പടുത്തിയാണ് നടപ്പാക്കേണ്ടിയിരുന്നത്.

പദ്ധതി മാർഗ്ഗരേഖ ഉത്തവ് അനുബന്ധം-1 ഖണ്ഡിക 6(iv) പ്രകാരം പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുമ്പോൾ ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ഉൾപ്പെടുത്തി ചെയ്യണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ നിർദ്ദേശം പാലിച്ചില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾക്കും, സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി നടപ്പാക്കിയ പദ്ധതിക്കു വേണ്ടി ചെലവഴിച്ച 27,300/- രൂപയ്ക്കാധാരമാക്കിയ അനുമതി ഉത്തരവ് ലഭ്യമാക്കാത്തതിനാൽ തടസ്സം ചെയ്യുന്നു.

## 3-4 അസിസ്റ്റൻറ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുടെ അപാകതകൾ

